**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പഠനം നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയുന്നത് ഒഴിവാക്കുന്നതിന് NEET/JEE മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പുറമെ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം, എഞ്ചിനിയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റമഡിയൽ കോച്ചിംഗ്, അർഹരായ M Phil, PhD, M.Tech, M.Lit വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പും, കണ്ടിജന്റ് ഗ്രാന്റും അനുവദിച്ച് വരുന്നു. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ വകുപ്പുകൾ നടത്തി വരുന്നു. മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകൾ നേടുന്ന വിദ്യാർത്ഥികൾക്ക് സ്വർണമെഡൽ, ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയും നൽകി വരുന്നു. വകുപ്പിന്റെ ഹോസ്റ്റലുകൾ ലഭ്യമാകാത്തവർക്ക് ABLC അനുവദിക്കുന്നുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയുന്നത് ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പഠനം നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയുന്നത് ഒഴിവാക്കുന്നതിന് NEET/JEE മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പുറമെ പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം, എഞ്ചിനിയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റമഡിയൽ കോച്ചിംഗ്, അർഹരായ M Phil, PhD, M.Tech, M.Lit വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പും, കണ്ടിജന്റ് ഗ്രാന്റും അനുവദിച്ച് വരുന്നു. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ വകുപ്പുകൾ നടത്തി വരുന്നു. മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകൾ നേടുന്ന വിദ്യാർത്ഥികൾക്ക് സ്വർണമെഡൽ, ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയും നൽകി വരുന്നു. വകുപ്പിന്റെ ഹോസ്റ്റലുകൾ ലഭ്യമാകാത്തവർക്ക് ABLC അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ